**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4570** **25-06-2019 ൽ മറുപടിക്ക്**

**സർക്കാർ ഭൂമിയുടെ കയ്യേറ്റങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമിയുടെ കയ്യേറ്റങ്ങൾ തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിവരം ലഭ്യമാക്കുമോ; | (എ) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958 ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും, 2009 ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിയമം പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ കൈയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സർക്കാർ ഭൂമി കൈയ്യേറ്റം സംബന്ധിച്ച നടപടികൾക്കും മേൽനോട്ടത്തിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ മറ്റുമുള്ള ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് 10.09.2018-ലെ ജി.ഒ (ആർ.ടി) നം. 3778/2018/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന് പുറമെ സർക്കാർ ഭൂമിയുടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭൂസംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) ഭൂമി കയ്യേറ്റം കണ്ടെത്തി തടയുന്നതിന് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിച്ച മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സെല്ലിന്റെ ഇടപെടൽ കാരണം എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സാധിച്ചു എന്നറിയിക്കുമോ; | (ബി) ഭൂമി കയ്യേറ്റം കണ്ടെത്തി തടയുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിച്ച മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തി വരുന്നു. പ്രസ്തുത സെല്ലിന്റെ ഇടപെടൽ കാരണം ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ കണക്കു ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയും അവരിൽ നിന്നും അനധികൃതമായി ഭൂമി വാങ്ങിയവരും കൈവശം വച്ചിരിക്കുന്ന 38000 ത്തിൽ പരം ഏക്കർ ഭൂമി തിരിച്ച് പിടിക്കുന്നതിന് സർക്കാർ സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഹൈക്കോടതി വിധി വന്നിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ അമാന്ത മുണ്ടാകുന്നത് എന്തുകൊണ്ട്; വ്യക്തമാക്കാമോ; | (സി) | 25.04.2013 ലെ ജി.ഒ (എം.എസ്) 161/2013/റവ നമ്പർ ഉത്തരവ് പ്രകാരമാണ് 1957 ലെ കേരള ഭൂസംരക്ഷണനിയമം പ്രകാരം ഭൂമി ഏറ്റെടുക്കാൻ ശ്രീ. എം.ജി. രാജമാണിക്യം ഐ.എ.എസ്സിനെ ചുമതലപ്പെടുത്തിയിരുന്നത്. ആദ്യഘട്ട നടപടി എന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഹാരിസൺ കമ്പനിയും, അവരിൽ നിന്നും ഭൂമി നേടിയവരും,മറ്റു കൈയ്യേറ്റ ക്കാരും കൈവശം വയ്ക്കുന്ന 38.171 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ നടപടി സ്വീകരിച്ചു. എന്നാൽ പ്രസ്തുത നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ടി കമ്പനിയും മറ്റും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വിവിധ റിട്ടുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11.04.2018-ൽ വിധിന്യായം പുറപ്പെടുവിച്ചു. 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കാൻ സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ലെന്നും എന്നാൽ സർക്കാറിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാനും സർക്കാറിന് നിർദ്ദേശം നൽകി. ഈ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത എസ്.എൽ.പി കൾ ബഹുമാനപ്പെട്ട സുപ്രീം കോടതി തള്ളിയ സാഹചര്യത്തിൽ, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചപ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യാൻ 06.06.2019 ലെ ജി.ഒ (എം.എസ്) 172/2019/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭൂമിയുടെ കരം സ്വീകരിക്കുവാൻ തീരുമാനിച്ചതിന്റെ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ? | (ഡി) | 1957 ലെ കെ.എൽ.സി നിയമപ്രകാരം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ പ്രസ്തുത നിയമ നടപടികൾ അവസാനിക്കുന്നതുവരെ ഭൂനികുതി സ്വീകരിക്കുന്നത് വിലക്കിയിരുന്നതിനാൽ ധാരാളം റിട്ടുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി യിൽ ഫയൽ ചെയ്തിരുന്നു. ഇത്തരം കേസുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്നും, സർക്കാറിന്റെ ഭൂമി തിരിച്ചെടു ക്കുന്നതിന് ഭൂനികുതി സ്വീകരിക്കുന്ന നടപടി തടസ്സ മല്ലെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ആവർ ത്തിച്ച് വ്യക്തമാക്കിയതിനാൽ 06.06.2019 സ.ഉ (കൈ) 172/2019/റവ നമ്പർ ഉത്തരവ് പ്രകാരം ഉടസ്ഥാവകാശം സർക്കാർ ഫയൽ ചെയ്ത സിവിൽ കേസുകളുടെ അന്തിമ വിധിക്ക് വിധേയമായിരിക്കും എന്ന വ്യവസ്ഥയോടെ ഭൂനികുതി സ്വീകരിക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**